ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 12.08.2025

## പ്രധാന വാർത്തകൾ

TIME : 07.25 AM

1. റഷ്യ-യുക്രൈൻ സംഘർഷം പരിഹരിക്കാൻ പൂർണ പിന്തുണ ഉറപ്പ് നൽകി പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Prime Minister Narendra Modi has assured full support to resolve the Russia-Ukraine conflict.**

2. ആണവായുധം പ്രയോഗിക്കുന്നത് സംബന്ധിച്ച് പാകിസ്ഥാൻ കരസേനാ മേധാവി നടത്തിയ പരാമർശത്തെ ശക്തമായി അപലപിച്ച് ഇന്ത്യ.

   **India strongly condemns the remarks made by the Pakistani Army Chief regarding the use of nuclear weapons.**

3. ജൈവ ഇന്ധനത്തിൻറെ ഉപയോഗവും ഉത്പാദനവും വർദ്ധിപ്പിച്ചാൽ ഊർജ കയറ്റുമതി രാജ്യമാകാൻ ഇന്ത്യയ്ക്ക് സാധിക്കുമെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി.

   **Union Minister Nitin Gadkari says that India can become an energy exporter if the use and production of biofuels is increased.**

4. കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിലെ കരട് വോട്ടർപട്ടിക പുതുക്കുന്നതിനുള്ള സമയപരിധി ഇന്ന് അവസാനിക്കും

   **The deadline for updating the draft voter list for the local body elections in Kerala ends today.**

5. ഇന്ന് ലോക ഗജ ദിനം. ദിനാഘോഷത്തിൻറെ ഭാഗമായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയം കോയമ്പത്തൂരിൽ സംഘടിപ്പിക്കുന്ന പരിപാടി കേന്ദ്രമന്ത്രി ഭൂപേന്ദർ യാദവ് ഉദ്ഘാടനം ചെയ്യും.

   **Today is World Elephant Day. As part of the celebrations, Union Minister Bhupender Yadav will inaugurate an event organized by the Union Environment Ministry in Coimbatore.**

6. ലോക ഗെയിംസിൽ വുഷു, 52 കിലോഗ്രാം വിഭാഗത്തിൽ മെഡൽ ഉറപ്പിച്ച് ഇന്ത്യയുടെ നമ്രത ബത്ര.

   **In World Games, India's Namrata Batra assures first ever medal in Wushu by storming into 52 kg women's final in China.**

**&&&&&&&&&&&&&&&&&&**

**PM –ZELENSKY**

പ്രധാനമന്ത്രി നരേന്ദ്രമോദി യുക്രൈൻ പ്രസിഡന്റ് വോളോഡിമർ സെലെൻസ്കിയുമായി ടെലിഫോൺ സംഭാഷണം നടത്തി. റഷ്യയുമായുള്ള സംഘർഷത്തിന് ഉചിതമായ പരിഹാരം കാണേണ്ടത് സംബന്ധിച്ച് ഇന്ത്യയുടെ നിലപാട് അറിയിച്ചതായി പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. സാധ്യമായ എല്ലാ പിന്തുണയും നൽകി യുക്രൈനുമായുള്ള ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തമാക്കാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

**MEA-PAK**

ആണവായുധം പ്രയോഗിക്കുന്നത് സംബന്ധിച്ച് പാകിസ്ഥാൻ കരസേനാ മേധാവി അസിം മുനീർ നടത്തിയ പരാമർശത്തെ ശക്തമായി അപലപിച്ച് ഇന്ത്യ. ഒരു തരത്തിലുള്ള ആണവ ഭീഷണിക്കും വഴങ്ങില്ലെന്ന് ഇന്ത്യ ഇതിനകം വ്യക്തമാക്കിയിട്ടുണ്ടെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പ്രസ്താവനയിൽ പറഞ്ഞു. ദേശീയ സുരക്ഷ സംരക്ഷിക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും തുടർന്നും സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

**ECI- FACT CHECK**

ബിഹാറിലെ വോട്ടർ പട്ടിക പരിഷ്കരണം സംബന്ധിച്ച പ്രതിപക്ഷ പാർട്ടികളുടെ ആരോപണങ്ങൾ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ തള്ളി. വിഷയത്തിൽ കോൺഗ്രസ്, ആർജെഡി ഉൾപ്പെടെയുള്ള പാർട്ടികൾ സമൂഹമാധ്യമങ്ങളിൽ പങ്കുവച്ച പോസ്റ്റുകൾ വസ്തുതാവിരുദ്ധമാണെന്ന് കമ്മീഷൻ പറഞ്ഞു. വോട്ടർപട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും തെരഞ്ഞെടുപ്പ് കമ്മീഷൻ സമൂഹമാധ്യമത്തിൽ പങ്കുവച്ചു

&&&&&&&&&&&&&&&&&&

**PARLIAMENT**

പാർലമെൻറിൻറെ വർഷകാല സമ്മേളനത്തിൽ ഇന്നലെ നിരവധി സുപ്രധാന ബില്ലുകൾ പാസാക്കി. ദേശീയ കായിക ഭരണ ബിൽ 2025 , ദേശീയ ഉത്തേജക മരുന്ന് വിരുദ്ധ (ഭേദഗതി) ബിൽ 2025 എന്നിവ ലോക്സഭ പാസ്സാക്കി. ടാക്സേഷൻ നിയമ ഭേദഗതി ബില്ലും, ആദായ നികുതി രണ്ടാം നമ്പർ ബില്ലും ലോക്സഭ ശബ്ദവോട്ടോടെയാണ് പാസ്സാക്കിയത്. 2025-26 ലെ മണിപ്പൂരിൻറെ ബജറ്റ്, മണിപ്പൂർ ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ, മണിപ്പൂരിൻറെ ധനവിഹിതം സംബന്ധിച്ച ബിൽ എന്നിവയ്ക്കും പാർലമെൻറ് അംഗീകാരം നൽകി.

&&&&&&&&&&&&&&&&&&

**NITIN GADKARI- PUNE VISIT (INTRO)**

ജൈവ ഇന്ധനത്തിൻറെയും ഹരിത ഹൈഡ്രജൻറെയും ഉപയോഗവും ഉത്പാദനവും വർദ്ധിപ്പിച്ചാൽ ഇന്ത്യയ്ക്ക് ഊർജ കയറ്റുമതി രാജ്യമാകാൻ സാധിക്കുമെന്ന് കേന്ദ്ര ഗതാഗത മന്ത്രി നിതിൻ ഗഡ്കരി. ലോക ജൈവ ഇന്ധന ദിനത്തോടനുബന്ധിച്ച് പൂനെയിൽ സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇറക്കുമതി കുറയ്ക്കുന്നതിലും ഗ്രാമീണ മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിലും ജൈവഇന്ധനത്തിന് നിർണായക സ്വാധീനം ചെലുത്താനാകുമെന്നും കേന്ദ്രമന്ത്രി അഭിപ്രായപ്പെട്ടു.

(ഹോൾഡ് വോയ്സ്.........)

&&&&&&&&&&&&&&&&&&

## VIKRAM SARABHAI

ഇന്ത്യൻ ബഹിരാകാശ ഗവേഷണത്തിൻറെ പിതാവായ വിക്രം സാരാഭായിയുടെ ജന്മവാർഷികദിനം ഇന്ന്. ഐഎസ്ആർഒയ്ക്ക് തുടക്കമിട്ട വിക്രം സാരാഭായിയുടെ ശാസ്ത്ര മികവിനെ രാജ്യം കൃതജ്ഞതയോടെ സ്മരിക്കുകയാണ് ഇന്ന്. ഇന്ത്യൻ ബഹിരാകാശ ഗവേഷണത്തിനു നാന്ദി കുറിച്ച് അഹമ്മദാബാദിൽ ഫിസിക്കൽ റിസേർച്ച് ലബോറട്ടറി സ്ഥാപിച്ചാണ് വിക്രം സാരാഭായിയുടെ തുടക്കം. 1969 ൽ ഐഎസ്ആർഒ രൂപീകൃതമായപ്പോൾ ആദ്യ ചെയർമാനായതും ഡോ. സാരാഭായി തന്നെയാണ്. 1966ൽ പത്മഭൂഷണും 1972ൽ

മരണാനന്തരബഹുമതിയായി പത്മവിഭൂഷണും നൽകി രാഷ്ട്രം അദ്ദേഹത്തെ ആദരിച്ചു.

&&&&&&&&&&&&&&&&&&

**INDEPENDENCE DAY- PM**

79-ാമത് സ്വാതന്ത്ര്യദിന പ്രസംഗത്തിനായി ആശയങ്ങൾ പങ്കിടാൻ ജനങ്ങളെ ക്ഷണിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിലെ ചുവപ്പ്കോട്ടയിൽ നടക്കുന്ന പ്രസംഗത്തിൽ ഉൾപ്പെടുത്താനായാണ് ചിന്തകളും ആശയങ്ങളും ക്ഷണിച്ചത്.

&&&&&&&&&&&&&&&&&&

**GAJENDRA - THIRANGA**

ഇത്തവണത്തെ ഹർ ഘർ തിരംഗ കാമ്പെയ്നിൽ ഇതുവരെ അഞ്ച് ലക്ഷത്തിലധികം യുവ വളണ്ടിയർമാർ രജിസ്റ്റർ ചെയ്തതായി കേന്ദ്രമന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്ത്. സ്വാതന്ത്ര്യത്തിനായി ജീവൻ ബലിയർപ്പിച്ച നമ്മുടെ നേതാക്കൾ സ്വപ്നം കണ്ട ഇന്ത്യ കെട്ടിപ്പടുക്കുന്നതിനുള്ള പ്രചോദനമാണ് ക്യാമ്പയിൻ എന്ന് അദ്ദേഹം ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

**VOTERS LIST**

കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിലെ കരട് വോട്ടർപട്ടിക പുതുക്കുന്നതിനുള്ള സമയപരിധി ഇന്ന് അവസാനിക്കും. അന്തിമ വോട്ടർ പട്ടിക ഈ മാസം 30 ന് പ്രസിദ്ധീകരിക്കും.

&&&&&&&&&&&&&&&&&&

## INAUGURATION OF POLICE BUILDINGS

പൊലീസിൻറെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിൻറെ ഭാഗമായി വിവിധ ജില്ലകളിൽ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കണ്ണൂരിൽ നിർവ്വഹിക്കും. 27 കോടി രൂപ ചെലവഴിച്ചു നിർമിച്ച 12 പോലീസ് മന്ദിരങ്ങളുടെ ഉദ്ഘാടനവും അഞ്ച് കെട്ടിടങ്ങളുടെ ശിലാസ്ഥാപനവുമാണ് നിർവ്വഹിക്കുന്നത്.

&&&&&&&&&&&&&&&&&&

## SHIVRAJ – CROP INSURANCE INTRO

കർഷക ക്ഷേമം ഉറപ്പാക്കുന്നത് ലക്ഷ്യമിട്ട് വിള ഇൻഷുറൻസ് പദ്ധതിയിൽ കേന്ദ്ര സർക്കാർ വിപുലമായ പരിഷ്കാരങ്ങൾ വരുത്തിയതായി കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതി പ്രകാരം രാജ്യത്തെ 35 ലക്ഷത്തിലധികം കർഷകർക്ക് 3,900 കോടി രൂപ വിതരണം ചെയ്യുകയായിരുന്നു അദ്ദേഹം. നിലവാരമില്ലാത്ത വളങ്ങളുടെയും വിത്തുകളുടയും നിർമാണവും വില്പനയും തടയാൻ പുതിയ നിയമനിർമാണം കേന്ദ്രസർക്കാർ പരിഗണയിലുണ്ടെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

(വോയിസ്.........)

&&&&&&&&&&&&&&&&&&

## SHAH – ALL INDIA SPEAKERS CONFERENCE

രാജ്യത്തെ സ്പീക്കർമാരുടെ രണ്ട് ദിവസത്തെ സമ്മേളനം ഈ മാസം 24ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഡൽഹി നിയമസഭയിൽ ഉദ്ഘാടനം ചെയ്യും. വിത്തൽഭായ് പട്ടേൽ സെൻട്രൽ ലെജിസ്ലേറ്റീവ് അസംബ്ലിയുടെ ആദ്യത്തെ തിരഞ്ഞെടുക്കപ്പെട്ട സ്പീക്കറായി ചുമതലയേറ്റതിൻറെ നൂറാം വാർഷികത്തോടനുബന്ധിച്ചാണ് സമ്മേളനം. വിത്തൽഭായ് പട്ടേലിൻറെ ജീവിതത്തെ ആസ്പദമാക്കിയുള്ള പ്രത്യേക സ്റ്റാമ്പും പരിപാടിയുടെ ഭാഗമായി പുറത്തിറക്കും.

&&&&&&&&&&&&&&&&&&

## WORLD ELEPHANT DAY 2025

ഇന്ന് ലോക ഗജ ദിനം. ആനകളുടെ സംരക്ഷണം ലക്ഷ്യമിട്ടാണ് എല്ലാവർഷവും ഓഗസ്റ്റ് 12 ലോക ഗജ ദിനമായി ആചരിക്കുന്നത്. കേന്ദ്ര പരിസ്ഥിതി മന്ത്രാലയം തമിഴ്നാട് വനം വകുപ്പുമായി സഹകരിച്ച് ഇന്ന് കോയമ്പത്തൂരിൽ ലോക ഗജ ദിനാഘോഷം സംഘടിപ്പിക്കും. കേന്ദ്ര പരിസ്ഥിതി മന്ത്രി ഭൂപേന്ദർ യാദവ് പരിപാടി ഉദ്ഘാടനം ചെയ്യും. ലോകത്തിലെ കാട്ടാനകളുടെ 60 ശതമാനവും ഇന്ത്യയിലാണ്. ഇന്ത്യയിലെ ആനത്താരകളെക്കുറിച്ചുള്ള 2023 ലെ റിപ്പോർട്ട് പ്രകാരം രാജ്യത്ത് 33 ആന സംരക്ഷണ കേന്ദ്രങ്ങളും 150 ആനത്താരകളുമുണ്ട്.

&&&&&&&&&&&&&&&&&&

## WORLD YOUTH DAY

ഇന്ന് അന്താരാഷ്ട്ര യുവജനദിനം. യുവജനങ്ങൾ അഭിമുഖീകരിക്കുന്ന സാംസ്കാരിക, രാഷ്ട്രീയ പ്രശ്നങ്ങളിലേക്കു വെളിച്ചം വീശുന്നതിനാണ് ഐക്യരാഷ്ട്രസഭ ഓഗസ്റ്റ് 12 യുവജനദിനമായി ആചരിക്കുന്നത്. 2000 മുതലാണ് ദിനാചരണം ആരംഭിച്ചത്. സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കായി പ്രാദേശിക യുവജന പ്രവർത്തനങ്ങൾ എന്നതാണ് ഈ വർഷത്തെ പ്രമേയം.

&&&&&&&&&&&&&&&&&&

## INDIA-WUSHU

ചൈനയിൽ നടക്കുന്ന ലോക ഗെയിംസിൽ വുഷു, 52 കിലോഗ്രാം വിഭാഗം ഫൈനലിൽ ഇന്ത്യയുടെ നമ്രത ബത്ര ഇന്ന് മത്സരിക്കും. നമ്രതയുടെ ഫൈൽ പ്രവേശനത്തോടെ വുഷു കായിക ഇനത്തിൽ ഇന്ത്യക്ക് ആദ്യ ലോക ഗെയിംസ് മെഡൽ ഉറപ്പായി. പുരുഷ കോമ്പൗണ്ട് ആർച്ചറിയിൽ ഇന്ത്യയുടെ ഋഷഭ് യാദവ് ഇന്നലെ വെങ്കലം നേടി.

&&&&&&&&&&&&&&&&&&

## ASIAN BOXING CHAMPIONSHIPS

ബാങ്കോക്കിൽ നടന്ന ഏഷ്യൻ അണ്ടർ 19, അണ്ടർ 22 ബോക്സിംഗ് ചാമ്പ്യൻഷിപ്പ് 80 കിലോഗ്രാം വനിതാ

വിഭാഗത്തിൽ റിതികയ്ക്ക് സ്വർണം. ഇതോടെ അണ്ടർ 22 വിഭാഗത്തിൽ ഇന്ത്യയുടെ മെഡൽനേട്ടം 13 ആയി. അണ്ടർ 19 വിഭാഗത്തിൽ മൂന്ന് സ്വർണം ഉൾപ്പെടെ 14 മെഡലുകളുമായി രണ്ടാം സ്ഥാനത്താണ് ഇന്ത്യ.

&&&&&&&&&&&&&&&&&&

**SC-STRAY DOGS**

ഡൽഹിയിൽ തെരുവ് നായ്ക്കളെ ഉടനടി പിടികൂടി വന്ധ്യംകരിച്ച് സ്ഥിരമായി ഷെൽട്ടറുകളിലേക്ക് മാറ്റണമെന്ന് സുപ്രീം കോടതി. രാജ്യ തലസ്ഥാനത്തെ നായ്ക്കളുടെ ശല്യവും പേവിഷബാധയും നിയന്ത്രിക്കുന്നതിനായാണ് നിർദ്ദേശം. പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കുമെന്നും കോടതി മുന്നറിയിപ്പ് നൽകി.

&&&&&&&&&&&&&&&&&&

**M B RAJESH**

തെരുവ് നായ വിഷയത്തിൽ ABC ചട്ടങ്ങളെ വിമർശിക്കുന്ന ഉത്തരവാണ് സുപ്രീംകോടതിയിൽ നിന്നും ഉണ്ടായതെന്ന് മന്ത്രി എംബി രാജേഷ്. അപ്രായോഗ്യമായ ABC ചട്ടം പൊളിച്ചെഴുതാൻ കേന്ദ്ര സർക്കാർ ശ്രമിക്കണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&

**HM -AMARNATH**

അമർനാഥ് യാത്ര സുരക്ഷിതവും സുഗമവുമാക്കുന്നതിൽ സുരക്ഷാ സേനകൾ വഹിക്കുന്ന പങ്കിനെ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ അഭിനന്ദിച്ചു. ഈ വർഷം 4.14 ലക്ഷത്തിലധികം ഭക്തർ ദർശനം നടത്താൻ എത്തിയതായി ശ്രീ ഷാ സമൂഹമാധ്യമത്തിൽ അറിയിച്ചു. തീർത്ഥാടനം നടത്തുന്ന ഭക്തരേയും അദ്ദേഹം പ്രശംസിച്ചു.

&&&&&&&&&&&&&&&&&&

## RAIN -KERALA

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. ഇന്ന് കോട്ടയം, എറണാകുളം, തൃശ്ശൂർ, കാസറഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&&

## GERMANY ISRAEL

ഗാസ മുനമ്പിൽ ഇസ്രായേലിന്റെ സൈനിക പ്രവർത്തനങ്ങൾ വിപുലീകരിക്കാനുള്ള പദ്ധതികളിൽ ആശങ്ക ഉന്നയിച്ച് ഇസ്രായേലിലേക്കുള്ള ആയുധ കയറ്റുമതി ജർമ്മനി നിർത്തലാക്കി. നിലവിലെ സാഹചര്യത്തിൽ ഗാസയിൽ കൂടുതൽ സൈനിക വികസനം വൻതോതിലുള്ള സിവിലിയൻ മരണങ്ങൾക്ക് കരണമായേക്കാമെന്ന് ജർമൻ ചാൻസലർ ഫ്രെഡറിക് മെർസ് പറഞ്ഞു. എന്നാൽ

ഇസ്രായേലിനോടുള്ള ജർമ്മനിയുടെ അടിസ്ഥാന നയം മാറ്റമില്ലാതെ തുടരുമെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&